# ജലാലുദ്ദീൻ റൂമി

■ എ. സി.എം ശാമിൽ, ചുള്ളിപ്പാറ



വിശ്വപ്രസിദ്ധ സൂഫി കവിയാണ് മൗലാനാ ജലാലുദ്ദീൻ മുഹമ്മദ് റൂമി. പതിമൂന്നാം നൂറ്റാണ്ടിൽ (1207) ബഹാവുദ്ദീന്റെ മകനായി അഫ്ഗാനിസ്ഥാനിലെ ബൽബ് പ്രദേശത്ത് ജനിച്ചു. റൂമി കുടുംബം പിന്നീട് തുർക്കിസ്ഥാനിലേക്ക് കുടിയേറി. തുർക്കിയിലെ റൂം എന്നപട്ടണത്തിൽ താമസമാക്കിയതിനാൽ റൂമിക്കാരൻ (റൂമി) എന്ന പേരിൽ പ്രസിദ്ധനായി.

1225-ൽ പത്തൊമ്പതാമത്തെ വയസ്സിൽ റൂമി വിവാഹിതനായി. ജൗഹർ ഖാത്തൂനായിരുന്നു ഭാര്യ. ചെറുപ്പത്തിൽ തന്നെ വിവിധ വിഷയങ്ങളിൽ പണ്ഡിതനായിത്തീർന്ന റൂമി ഇരുപത്തിനാലാം വയസിൽ മതാധ്യാപകനായി. 1244-ൽ വിഖ്യാത സൂഫി തത്വജ്ഞാനിയായ ഷംസുദ്ദീൻ മുഹമ്മദ് തബ്രിസിനെ കണ്ടുമുട്ടിയതോടെ സൂഫീജീവിതത്തിലേക്ക് കടന്നുവന്നു. റൂമിയുടെ ജീവചരിത്രകാരന്മാരിൽ പ്രധാനിയായ അഫ്ലാക്കിയുടെ അഭിപ്രായത്തിൽ കുട്ടിയായിരിക്കെ റൂമിയെ മറ്റൊരു സൂഫിവര്യനായ ഫരീദുദ്ദീൻ അത്താർ അനുഗ്രഹിച്ചതായി പറയുന്നുണ്ട്.

റൂമിയുടെ കവിതകളും ദർശനങ്ങളും ഒട്ടനവധി ലോക ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇരുപതാം നൂറ്റാണ്ടിലെ അവസാനദശകങ്ങളിൽ, കൃത്യമായി പറഞ്ഞാൽ 1970-നു ശേഷമാണ് നിരവധി റൂമികവിതകളും കഥകളും ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യപ്പെട്ടത്.

അമേരിക്കയിൽ ഇന്നു വായിക്കപ്പെടുന്ന ഏറ്റവും പ്രശസ്തരായ പ്രാചീന കവികളിലൊരാൾ ജലാലുദ്ദീൻ റൂമിയാണ്. ഹാർവാർഡ് യൂണിവേഴ്സിറ്റിയിലെ ഇസ്‌ലാമിക് ചെയറിൽ പ്രൊഫസറായിരുന്ന ആൻ മേരി ഷിമേൽ റൂമിയെ പുതിയ കാലത്തിന്റെ കാവ്യമണ്ഡലത്തിലേക്ക് എത്തിക്കുകയും റൂമിയുടെ ജീവിതവും കവിതയും കേന്ദ്രീകരിച്ച് രണ്ടു ക്ലാസിക് കൃതികൾ രചിക്കുകയും ചെയ്തിട്ടുണ്ട്. ഫ്രഡറിക് റൂക് എർട്ട് ആണ് ആദ്യത്തെ റൂമിസാഹിത്യം പൂർണ്ണശോഭയിൽ വിവർത്തനം ചെയ്ത ജർമ്മൻ എഴുത്തുകാരൻ. തുടർന്ന് വിവിധ എഴുത്തുകാരിലൂടെ റൂമി പാശ്ചാത്യ ലോകത്തിന് പരിചിതനായി. റൂമിയുടെ ഏറ്റവും പ്രശസ്ത കൃതിയാണ് 'മസ്നവി.' സാഹിത്യ ലോകത്തിന് ഒട്ടേറെ ദാർശനിക സാഹിത്യ സംഭാവനകൾ നൽകിയ അദ്ദേഹം എ.ഡി 1273 ഡിസംബർ 17 തിയ്യതി, 66-ാം വയസ്സിൽ ഈ ലോകത്തോട് വിടപറഞ്ഞു.

ലോകത്തിലെ ആദ്യത്തെ വാക്സിൻ വികസിപ്പിച്ചെടുത്ത ശാസ്ത്രജ്ഞൻ- എഡ്വാർഡ് ജെന്നർ